Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി - പാചക തൊഴിലാളികളുടെ വേതന പരിഷ്കരണം - പ്രതിദിന വേതനം സംബന്ധിച്ച ഉത്തരവ് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(കൈ) നം. 217/2015/പൊ.വി.വ    തീയതി, തിരുവനന്തപുരം 11/08/2015

---

പരാമർശം:- 1) 02/07/2015 ലെ സ.ഉ.(കൈ) നം. 176 /2015/പൊ.വി.വ
2) 21/07/2015-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എം.1/64681/2011/DPI. നം. കത്ത്

**ഉത്തരവ്**

സ്കൂൾ ഉച്ചഭക്ഷണ പാചകതൊഴിലാളികളുടെ ദിവസ വേതനം 1/4/2013 മുതൽ നിലവിലുള്ള മിനിമം വേതനമായ 200/- രൂപയിൽ നിന്നും 250/- രൂപയായും പരമാവധി വേതനം 250 രൂപയിൽ നിന്നും 300 രൂപയായും, 01/04/2014 മുതൽ മിനിമം വേതനം 250/- രൂപയിൽ നിന്നും 350/- രൂപയായും പരമാവധി വേതനം 350 രൂപയിൽനിന്നും 450 രൂപയായും മുൻകാല പ്രാബല്യം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിൽ 1/4/2014 മുതൽ പരമാവധി വേതനം 300/- രൂപയിൽ നിന്നും 100 രൂപ വർദ്ധിപ്പിച്ച് 400/- രൂപയായി വർദ്ധിപ്പിക്കുന്നതിന് പകരം പരമാവധി വേതനം 350/- രൂപയിൽ നിന്നും 450/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായത് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളുടെ പരമാവധി വേതനം 1/4/2014 മുതൽ 350 രൂപയിൽ നിന്നും 450/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശത്തിലെ ഉത്തരവ് ഭേദഗതി വരുത്തി പരമാവധി വേതനം 300/- രൂപയിൽ നിന്നും 400/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.കെ.അസീസ്,
അഡീഷണൽ സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും. (ഡി.പി.ഐ. മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യവകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.